## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3234 13/03/2017-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി

| ചോദ്യം<br>ശ്രീ.വി.ടി.എ. റഹീം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ)<br>&<br>(ബി) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും, ഭവനം പൂർത്തിയാക്കാത്തവർക്കും, നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേക്കുള്ള ചുമതല കുടുംബശ്രീ മിഷനാണ്. പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് മൂന്ന് ഘടകങ്ങളാണ് പരിഗണിക്കുന്നത്.<br><br>1) നിലവിൽ ലഭ്യമായ വിവിധ പട്ടികകളിൽ (SECC ഡാറ്റ, പഞ്ചായത്തുകളിൽ ലഭ്യമായ ഭവനരഹിതരുടെ പട്ടിക) ഉള്ള ഗുണഭോക്താക്കളുടെ പരിശോധന.<br>2) മേൽപറഞ്ഞ പട്ടികയിൽ ഇടം പിടിക്കാത്തഭൂരഹിതരും ഭവനരഹിതരുമായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള പരിശോധന<br>3) സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളായി ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരെ കണ്ടെത്തുന്നതിനുള്ള പരിശോധന / വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെ ത്താനുള്ള പരിശോധന. |
| (ബി) | എങ്കിൽ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | | |

ലൈഫ് പദ്ധതിയിൽ താഴെപറയും പ്രകാരമാണ് മുൻഗണന നൽകിയിട്ടുള്ളത്.

I ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാക്രമം.

1) മാനസിക വെല്ലുവിളികൾ നേരിടുന്നവർ/ അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ.
2) അഗതികൾ
3) അംഗവൈകല്യമുള്ളവർ (40%-ന് മുകളിൽ)
4) ഭിന്നലിംഗക്കാർ
5) ഗുരുതര/മാരകരോഗമുള്ളവർ
6) അവിവാഹിതരായ അമ്മമാർ
7) രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
8) വിധവകൾ

**II പദ്ധതിയുടെ ഗുണഭോക്താക്കൾ**

1) ഭൂമിയുള്ള ഭവനരഹിതർ
2) ഭൂരഹിത-ഭവനരഹിതർ
3) പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താത്ക്കാലിക ഭവനം ഉള്ളവർ
4) ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ / വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി 2011-ൽ കേന്ദ്ര സർക്കാർ നടത്തിയ SECC സർവ്വേ പ്രകാരം തയ്യാറാക്കിയ ലിസ്റ്റും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും അടിസ്ഥാനമാക്കുന്നതാണ്. ഇതിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ കണ്ടെത്തുന്നതിന് കുടുംബശ്രീ സർവ്വേ നടത്തുന്നതാണ്.

III സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവർക്കും വിധവകൾക്കും അഗതികൾ ഉൾപ്പെടെയുള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നു.

| | | | |
|---|---|---|---|
| | | | ഇത്തരത്തിൽ പരിശോധന പൂർത്തീകരിച്ചതിനുശേഷം, കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും, ജില്ലാ തലത്തിലും അപ്പീലുകൾ കേട്ടശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നു. തുടർന്ന് ഭവനരഹിതരായവരിൽ സ്ഥലമുള്ളവർക്ക്, സാമ്പത്തിക സഹായം നൽകി സ്വന്തം സ്ഥലത്ത് ഭവനം നിർമ്മിക്കുന്നതിനും, സ്ഥലമില്ലാത്തവർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് അവിടെ ഭവനങ്ങൾ ഒരുക്കി നൽകാനുമാണ് മിഷൻ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ